ഉത്തരം

(എ) 276 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 109 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) 5 പോസ്റ്റുകൾ ഉണ്ട്. ഇതിൽ 4 എണ്ണം ഒഴിഞ്ഞുകിടപ്പുണ്ട്.

(സി) ഉണ്ട്. ഇതിൽ 36 പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 35 എണ്ണം ഒഴിഞ്ഞുകിടപ്പുണ്ട്.

(ഡി) ഉണ്ട്. 70 ശിവുകൾ.

(ഇ) ഇല്ല. നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടില്ല.
(എഫ്) പി. എസ്. സി. ലിസ്റ്റ് നിലവിലില്ല.

(ജി) മോട്ടോർ വാഹന വകുപ്പിലെ ചില ഓഫീസുകളിൽ ബ്രീത്ത് അനലൈസർ, എക്സ്ഹോസ്റ്റ് ഗ്യാസ് അനലൈസർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. അവയിൽ ഏറിയപങ്കും പ്രവർത്തനക്ഷമമാണ്. ഉപയോഗ പ്രദമല്ലാത്തവ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്പീഡ് ഗവർണർ ഡിപ്പാർട്ട്മെന്റിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് ആവശ്യമില്ലാത്തതിനാൽ അവ നിലവിൽ സ്റ്റോക്ക് ചെയ്തിട്ടില്ല.

## സ്വാശ്രയ സഹകരണ സംഘങ്ങൾ

122 [2259] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ ഏത്ര സ്വാശ്രയസഹകരണ സംഘങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ അനുമതി നൽകിയ ഏതെങ്കിലും സ്വാശ്രയ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാശ്രയ സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## സഹകരണമേഖലയിലെ വിവിധ ബാങ്കുകൾ വിതരണം നടത്തുന്ന വായ്പകൾ

123 [2260] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ വിവിധ ബാങ്കുകൾ നടപ്പുവർഷം ഏത്ര കോടി രൂപയുടെ വായ്പയാണ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ബി) പ്രസ്തുത വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004-05 ൽ എത്ര കോടി രൂപ വായ്പ നൽകിയെന്നറിയിക്കാമോ;

(ഡി) പ്രസ്തുത വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഇ) ഇത് മുൻവർഷത്തേക്കാൾ എത്ര ശതമാനം കൂടുതലുണ്ട് എന്ന് അറിയിക്കാമോ;

(എഫ്) ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പു വർഷം 18832.03 കോടി രൂപയുടെ വായ്പ വിതരണം നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. †

(സി) 2004-05-ൽ 16181.11 കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

(ഡി) വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

(ഇ) 1. സർവ്വീസ് സഹകരണബാങ്കുകൾ, അർബൻ ബാങ്കുകൾ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ—18.84%

2. ജില്ലാസഹകരണ ബങ്കുകൾ—24.44%

3. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്—24%

4. കേരള സംസ്ഥാന സഹകരണ ബങ്ക്—22.43%

(എഫ്) കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയിലെ വിതരണം ത്വരിതപ്പെടുത്തുന്നതിനും, കാർഷികേതര വായ്പകളുടെ വിതരണം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ബാങ്കിംഗ് പ്രവർത്തനം വിപുലീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ മറ്റു വായ്പകളെ അപേക്ഷിച്ച് പരിമിതമായാണ് നൽകിയതെങ്കിലും നിബന്ധനകളിൽ ഇളവു വരുത്തി കൂടുതൽ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിരിച്ചുവിട്ട സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡുകൾ

124 [2261] ശ്രീ. പി. ജെ. ജോയി:
,, കെ. മോഹൻകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സി. ജോസഫ്:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

† അനുബന്ധം IX കാണുക.
† അനുബന്ധം IX-A കാണുക.

LIBRARY ARCHIVES Kerala Legislative Assembly